പ്രോജക്ററ് അലവൻസ്

*442 [466] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര സ്ഥലത്തുള്ള ഉദ്യോഗസ്ഥൻമാർക്ക് പ്രോജക്ററ് അലവൻസുകൾ അനുവദിക്കുന്നെന്നും ആ സ്ഥലങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രോജക്ററ് അലവൻസ് അനുവദിക്കുന്ന സ്ഥലത്തെ വിവിധ വകുപ്പുകളിലുള്ള മുഴുവൻ ജീവനക്കാർക്കും അലവൻസുകൾ അനുവദിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) മേപ്പടി ആനുകൂല്യങ്ങൾ മുഴുവൻ ജീവനക്കാർക്കും ലഭിക്കാൻ ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പഴശ്ശി പ്രോജക്ററിൽപ്പെട്ട വെളിയംപാറ, പെരിയാർ വാലി പ്രോജക്ററിൽപ്പെട്ട പ്ലാഞ്ചോട്, പമ്പാ പ്രോജക്ററിൽപ്പെട്ട മണിയാർ, കല്ലട പ്രോജക്ററിൽപ്പെട്ട പരപ്പാർ, കുറ്റ്യാടി പ്രോജക്ററിൽപ്പെട്ട പെരുവണ്ണാമുഴി, കുറ്റ്യാടി, കാഞ്ഞിരപ്പുഴ പ്രോജക്ററിൽപ്പെട്ട പുളിക്കൽ എന്നിവിടങ്ങളിലും അട്ടപ്പാടി പ്രോജക്ററിൽപ്പെട്ട അഗളിയിലും ശിരുവാണി ഹെഡ്വർക്സ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് അലവൻസ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ററ് ഏരിയായിൽ പ്രോജക്ററ് സ്ററാഫിനു വേണ്ടി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്കും, പെപ്പാറ വാട്ടർ വർക്സ് പ്രോജക്ററിലെ ഉദ്യോഗസ്ഥൻമാർക്കും പ്രോജക്ററ് അലവൻസ് നൽകി വരുന്നു. ചിമ്മിനി പ്രോജക്ററ് ഡിവിഷൻ സ്ററാഫിന് പ്രോജക്ററ് അലവൻസ് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പ്രോജക്ററിന്റെ പണി നിശ്ചിത കാലയളവിനുള്ളിൽ ചെയ്തു തീർക്കുന്നതിനുള്ള ഒരു പ്രേരകമായിട്ടാണ് പ്രോജക്ററ് അലവൻസ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഒരു സ്ഥലത്തിന്റെ പ്രതികൂല കാലാവസ്ഥയോ അവിടത്തെ ജീവിത സൗകര്യങ്ങളുടെ അഭാവമോ പ്രോജക്ററ് അലവൻസിനുള്ള മാനദണ്ഡമല്ല. മേല്പറഞ്ഞ പരിതഃസ്ഥിതികളിൽ ജോലി ചെയ്യുന്നതിന് ഹിൽ അലവൻസ് സ്പെഷ്യൽപേ തുടങ്ങിയ കോമ്പൻസേററി അലവൻസുകൾ നിയമപ്രകാരം അനുവദിക്കാവുന്നതാണ്. ഗവൺമെൻറിന്റെ ഇപ്പോഴത്തെ നിലപാടനുസരിച്ച് പ്രോജക്ററിൽ ജോലി ചെയ്യുന്നവർക്കാണ് പ്രോജക്ററ് അലവൻസ് അനുവദിച്ചു വരുന്നത്.

(ഡി) മുകളിൽ പറഞ്ഞ കാരണങ്ങൾ കൊണ്ടു ചട്ടങ്ങളിൽ ഭേദഗതി കൊണ്ടു വരാൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly